**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1118** **14-03-2022 - ൽ മറുപടിയ്ക്ക്**

**തരൂർ - കോട്ടായി ജി.എൽ.പി.എസ്. കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ കോട്ടായി ജി.എൽ.പി.എസ്സിനായി 2020-21 വർഷത്തെ ബജറ്റിൽ അനുവദിച്ച തുക ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | തരൂർ മണ്ഡലത്തിലെ കോട്ടായി ഗവ. എൽ.പി. സ്കൂളിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് പൊതുമരാമത്ത് വകുപ്പ് സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുന്ന അവസരത്തിൽ കോട്ടായി ജി.എൽ.പി.എസ്-ന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉന്നയിച്ചുകൊണ്ട് ഒരു സ്വകാര്യ വ്യക്തി ബഹു. കേരള ഹൈക്കോടതിയിൽ കേസ് കൊടുക്കുകയുണ്ടായി. പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതി നൽകിയ 06/10/2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം കെട്ടിടനിർമ്മാണത്തിന് തടസ്സമില്ലെന്നും എന്നാൽ സ്ഥലത്തിന്റെയും പുതിയതായി നിർമ്മിക്കാൻ പോകുന്ന കെട്ടിടത്തിന്റെയും ഉടമസ്ഥാവകാശം സംബന്ധിച്ച് അന്തിമതീർപ്പ് റിട്ട് പെറ്റീഷന്റെ അന്തിമ വിധിക്ക് അനുസൃതമായിരിക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. കേസിന്റെ അന്തിമവിധി പ്രകാരം ചിലപ്പോൾ സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും ഉടമസ്ഥാവകാശം സ്വകാര്യ വ്യക്തിക്ക് ലഭിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. ഇത്തരത്തിൽ സർക്കാരിന്റെ സ്ഥലമാണെന്ന് പൂർണ്ണമായും ഉറപ്പിക്കാൻ കഴിയാത്ത സ്ഥലത്ത് സർക്കാർ ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുവാൻ സാധിക്കുകയില്ല. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് കോടതി വ്യവഹാരം നിലനിൽക്കുന്ന ഭൂമിയിൽ അന്തിമവിധി വന്നശേഷമേ കെട്ടിടനിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. എന്നതിനാൽ സാങ്കേതികാനുമതി നൽകാനുള്ള നടപടി തൽക്കാലം നിർത്തി വച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് കോടതി | (ബി) | തരൂർ മണ്ഡലത്തിലെ കോട്ടായി ഗവ. എൽ.പി. |

| | | | |
|---|---|---|---|
| | അനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | സ്കൂളിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് പൊതുമരാമത്ത് വകുപ്പ് സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുന്ന അവസരത്തിൽ കോട്ടായി ജി.എൽ.പി.എസ്-ന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉന്നയിച്ചുകൊണ്ട് ഒരു സ്വകാര്യ വ്യക്തി ബഹു. കേരള ഹൈക്കോടതിയിൽ കേസ് കൊടുക്കുകയുണ്ടായി. പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതി നൽകിയ 06/10/2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം കെട്ടിടനിർമ്മാണത്തിന് തടസ്സമില്ലെന്നും എന്നാൽ സ്ഥലത്തിന്റെയും പുതിയതായി നിർമ്മിക്കാൻ പോകുന്ന കെട്ടിടത്തിന്റെയും ഉടമസ്ഥാവകാശം സംബന്ധിച്ച് അന്തിമതീർപ്പ് റിട്ട് പെറ്റീഷന്റെ അന്തിമ വിധിക്ക് അനുസൃതമായിരിക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. കേസിന്റെ അന്തിമവിധി പ്രകാരം ചിലപ്പോൾ സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും ഉടമസ്ഥാവകാശം സ്വകാര്യ വ്യക്തിക്ക് ലഭിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. ഇത്തരത്തിൽ സർക്കാരിന്റെ സ്ഥലമാണെന്ന് പൂർണ്ണമായും ഉറപ്പിക്കാൻ കഴിയാത്ത സ്ഥലത്ത് സർക്കാർ ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുവാൻ സാധിക്കുകയില്ല. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് കോടതി വ്യവഹാരം നിലനിൽക്കുന്ന ഭൂമിയിൽ അന്തിമവിധി വന്നശേഷമേ കെട്ടിടനിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളു. എന്നതിനാൽ സാങ്കേതികാനുമതി നൽകാനുള്ള നടപടി തൽക്കാലം നിർത്തി വച്ചിരിക്കുകയാണ്. |
| (സി) | പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട കോടതി വിധിയുടെ സ്പഷ്ടീകരണം പൊതുമരാമത്ത് വകുപ്പ് നിയമവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (സി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട ബഹു. കേരള ഹൈക്കോടതി നൽകിയ 06/10/2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണത്തിന് തടസ്സമില്ലെന്നും എന്നാൽ സ്ഥലത്തിന്റെയും പുതിയതായി നിർമ്മിക്കാൻ പോകുന്ന കെട്ടിടത്തിന്റെയും ഉടമസ്ഥാവകാശം സംബന്ധിച്ച് അന്തിമതീർപ്പ് റിട്ട് പെറ്റീഷന്റെ അന്തിമ വിധിക്ക് അനുസൃതമായിരിക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. ആയതിനാൽ കെട്ടിടനിർമ്മാണത്തിന് നിയമോപദേശം തേടിയിട്ടില്ല. |
| (ഡി) | ജി.എൽ.പി.എസ്സിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് നിലനിൽക്കുന്ന കേസ്, കെട്ടിട നിർമ്മാണത്തിന് ഏതെങ്കിലും തരത്തിൽ | (ഡി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട ബഹു. കേരള ഹൈക്കോടതി നൽകിയ 06/10/2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം കെട്ടിട |

| | | | |
|---|---|---|---|
| | തടസ്സമാണെന്ന് പൊതുമരാമത്ത് വകുപ്പിന് നിയമോപദേശം ലഭിച്ചിട്ടുണ്ടോ; | | നിർമ്മാണത്തിന് തടസ്സമില്ലെന്നും എന്നാൽ സ്ഥലത്തിന്റെയും പുതിയതായി നിർമ്മിക്കാൻ പോകുന്ന കെട്ടിടത്തിന്റെയും ഉടമസ്ഥാവകാശം സംബന്ധിച്ച് അന്തിമതീർപ്പ് റിട്ട് പെറ്റീഷന്റെ അന്തിമ വിധിക്ക് അനുസൃതമായിരിക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. ആയതിനാൽ കെട്ടിടനിർമ്മാണത്തിന് നിയമോപദേശം തേടിയിട്ടില്ല. |
| (ഇ) | ജി.എൽ.പി.എസ്സിന്റെ നിലവിലുള്ള കെട്ടിടം ഏതു നിമിഷവും തകർന്നുവീഴാവുന്ന നിലയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റിയ സ്ഥലത്താണ് പുതിയ നിർമ്മാണം നടത്തേണ്ടത്. ടി സ്കൂൾ എൽ.എസ്.ജി.ഡി.യുടെ പരിപാലന ചുമതലയിലുള്ളതാണ്. ആയതിനാൽ സ്കൂളിലെ നിലവിലുള്ള മറ്റ് കെട്ടിടങ്ങളുടെ അവസ്ഥ പരിശോധിക്കേണ്ടത് എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗമാണ്. |
| (എഫ്) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ മേൽനോട്ടം നിർവ്വഹിക്കേണ്ട ഉദ്യോഗസ്ഥന്റെ തസ്തിക, കാര്യാലയം എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; കെട്ടിട നിർമ്മാണം സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്യുന്ന കാര്യാലയം, ഫയൽ നമ്പർ എന്നിവ ലഭ്യമാക്കാമോ; | (എഫ്) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ മേൽനോട്ടം വഹിക്കേണ്ട ഉത്തരവാദിത്വം പാലക്കാട് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ, ചിറ്റൂർ പുതുനഗരം കെട്ടിടഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ആലത്തൂർ ബിൽഡിംഗ്സ് സെക്ഷൻ അസിസ്റ്റന്റ് എൻജിനീയർ എന്നിവർക്കാണ്. ചിറ്റൂർ-പുതുനഗരം സബ് ഡിവിഷന്റെ കാര്യാലയത്തിലെ പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നമ്പർ ഡി2/ ജി.എൽ.പി.എസ്. കോട്ടായി /2021 ആകുന്നു. ആലത്തൂർ സെക്ഷൻ ഓഫീസിലെ ഫയൽ നമ്പർ ഡി2/ജി.എൽ.പി.എസ്. കോട്ടായി /2021 ഉം പാലക്കാട് ഡിവിഷന്റെ ഫയൽ നമ്പർ PB/D5/Altr/GL/2021-22, A3/WPC/13893/2021 ഉം ആകുന്നു. |
| (ജി) | പ്രസ്തുത കെട്ടിട നിർമ്മാണം സംബന്ധിച്ച് പരാതികൾ പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് മറുപടി നൽകിയിട്ടുണ്ടോ? | (ജി) | പ്രസ്തുത കെട്ടിടനിർമ്മാണം സംബന്ധിച്ച് സബ് ഡിവിഷൻ ഓഫീസിലും സെക്ഷൻ ഓഫീസിലും ലഭിച്ച എല്ലാ പരാതികൾക്കും മറുപടി നൽകിയിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച പരാതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ നിജസ്ഥിതി പരിശോധിച്ച് വരികയാണ് എത്രയും വേഗം മറുപടി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ